ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ.DTETVM/6547/2025-C4 (ACA) തീയതി: 20-08-2025

**പരിപത്രം**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് - അക്കാദമിക് (എ) സെക്ഷൻ - പട്ടിക വർഗ്ഗ വികസന വകുപ്പ് - പ്രീമെട്രിക്, പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് നാഷണൽ സ്കോളർഷിപ്പ് പോർട്ടലുമായി സംയോജിപ്പിക്കുന്നത് സംബന്ധിച്ച്

സൂചന :- 23.07.2025 തീയതിയിലെ ട്രൈബൽ ഡെവലപ്മെൻറ് ഓഫീസറുടെ കത്ത് നമ്പർ.TDORNI/377/2025-C

2025-26 അദ്ധ്യയന വർഷം മുതൽ പ്രീമെട്രിക് (9,10 ക്ലാസ്സുകൾ), പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന് അപേക്ഷിക്കുന്നവരിൽ 2.5 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാരിൽ നിന്നുള്ള ധനസഹായം ലഭ്യമാക്കുന്നതിലേക്കായി പ്രസ്തുത വിദ്യാർഥികളെ കേന്ദ്ര സർക്കാരിന്റെ സ്കോളർഷിപ് പോർട്ടലായ scholarships.gov.in എന്നതിൽ രജിസ്റ്റർ ചെയ്യിപ്പിക്കേണ്ടതും അപ്പോൾ ജനറേറ്റ് ചെയ്യുന്ന OTR നമ്പർ ഇ ഗ്രാൻറ്സ് വെബ് സൈറ്റിൽ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്. ആയതിലേക്കായി നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ ടി വിദ്യാർത്ഥികളെ രജിസ്റ്റർ ചെയ്യിപ്പിക്കുന്നത് സംബന്ധിച്ച് ഗൈഡ് ലൈനും വിശദമായ വീഡിയോയും ലഭ്യമാക്കിയിട്ടുണ്ട്. രജിസ്റ്റർ ചെയ്യുന്നതുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് 9847687642, 8943686343 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണെന്ന വിവരം പത്തനംതിട്ട ജില്ലയിലെ ഈ വകുപ്പിന് കീഴിൽ വരുന്ന എല്ലാ സ്ഥാപന മേധാവികളെയും അറിയിക്കുന്നു.

Shibu R S
DEPUTY DIRECTOR GENERAL

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by
Shibu R S
Date: 20-08-2025 22:46:07